പുതിയ ബസ് സ്റ്റേഷനുകൾ

606 (865) ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കെ. എസ്. ആർ. ടി. സി. വക എത്ര ട്രാൻസ്പോർട്ടു ബസ് സ്റ്റേഷൻ സംസ്ഥാനത്ത് പുതിയതായി ഉൽഘാടനം ചെയ്തു; അവ ഏതെല്ലാം;

(ബി) പുതിയ ബസ് സ്റ്റേഷൻ ഇക്കൊല്ലം എവിടെയെല്ലാം പണിയാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1978-ൽ 4 സബ് ഡിപ്പോകളും 12 സ്റ്റേഷൻ മാസ്റ്റർ ആഫീസുകളും ഉൽഘാടനം ചെയ്തു. പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കാട്ടാക്കട, വൈക്കം എന്നീ സ്ഥലങ്ങളിൽ സബ് ഡിപ്പോ തുടങ്ങുവാൻ നടപടികൾ സ്വീകരിച്ചു വരികയാണ്.

ഏറ്റുമാനൂർ ട്രാൻസ്പോർട്ട് ബസ് സ്റ്റേഷൻ

607 [866] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഏറ്റുമാനൂരിൽ ഒരു പുതിയ ട്രാൻസ്പോർട്ട് ബസ് സ്റ്റേഷൻ പണിയുന്നതിനുള്ള നടപടി എന്തായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഏറ്റുമാനൂരിൽ ഒരു ബസ്സ്റ്റേഷൻ പണിയുന്നതിന് കോർപ്പറേഷന് ഇപ്പോൾ പദ്ധതിയൊന്നുമില്ല.

റെഡ്ഡ്യാർ സമുദായത്തിൽ പെട്ടവരെ ഗിരിവർഗ്ഗക്കാരെന്ന് തഹസിൽദാർ നൽകിയ സർട്ടിഫിക്കറ്റ്

608 [868] ശ്രീ. പി. കെ. ചാത്തൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ ഗിരിവർഗ്ഗക്കാരായിരുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ റെഡ്ഡ്യാർ സമുദായത്തിൽ പെട്ട ചിലർ ഈ സംസ്ഥാനത്തിലെ ഗിരിവർഗ്ഗക്കാരാണെന്ന് ഏതെങ്കിലും തഹസിൽദാർ സർട്ടിഫിക്കറ്റു നൽകിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ തഹസിൽദാരുടെ പേരുവിവരം വ്യക്തമാക്കുമോ;

(സി) അതിനെതിരായി ശിക്ഷണനടപടികൾ എടുക്കുമോ?

---

*അനുബന്ധം V.

LIBRARY ARCHIVES Kerala Legislative Assembly